**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1852 | 10.03.2020 ൽ മറുപടിക്ക്

## പുല്ലുവിള സി.എച്ച്.സി. ആശുപത്രി സ്റ്റാഫ്

| ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കോവളം നിയോജക മണ്ഡലത്തിലെ പുല്ലുവിള സി.എച്ച്.സി. ആശുപത്രിയിൽ സി.എച്ച്.സി.-യിൽ ഉള്ള സാങ്ഷൻഡ് പോസ്റ്റ് പ്രകാരം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; സാധാരണ ഒരു സി.എച്ച്.സി.-യിൽ ഉണ്ടാകേണ്ട സ്റ്റാഫ് സ്ട്രെങ്ത് വ്യക്തമാക്കാമോ; | (എ) | ആരോഗ്യ വകുപ്പിൽ 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് നിലനിൽക്കുന്നത്. അതിന് ശേഷം ആരോഗ്യ രംഗത്ത് ആധുനികമായ പല ചികിത്സാ സമ്പ്രദായങ്ങളും ഏർപ്പെടുത്തുകയും സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 06.11.2008 ലെ ജി.ഒ(എം.എസ്.) നം.568/2008 പ്രകാരം (സ്റ്റാൻഡേർഡൈസേഷൻ) സ്റ്റാഫ് സ്ട്രെങ്ത് ഭേദഗതി ചെയ്തുവെങ്കിലും അതിനനുസരിച്ച് തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. നിലവിൽ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് ഈ സർക്കാർ മുൻതൂക്കം നൽകിവരുന്നത്. ആയതിന്റെ ഭാഗമായി സർക്കാർ ആശുപത്രികളെ രോഗീ സൗഹൃദമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ചികിത്സാ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിയായ 'ആർദ്രം പദ്ധതി' മികച്ച രീതിയിൽ പുരോഗമിച്ചു വരികയാണ്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് നിയമനം നടത്തി വരികയാണ്. ആർദ്രം മാനദണ്ഡപ്രകാരം സി.എച്ച്.സി.കളുടെ അടിസ്ഥാന സൗകര്യങ്ങളും സ്റ്റാഫ് പാറ്റേണും ഏകീകരിക്കുന്നതിന് പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | നിലവിൽ പുല്ലുവിള സി.എച്ച്.സി.-യിലെ സ്റ്റാഫ് സ്ട്രെങ്ത് വ്യക്തമാക്കുമോ; | (ബി) | പുല്ലുവിള സി.എച്ച്.സി.-യിലെ നിലവിലുള്ള സ്റ്റാഫ് സ്ട്രെങ്ത് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പുല്ലുവിള പോലെ നാന്നൂറിന് മുകളിൽ ഒ.പി.യും മുപ്പതിന് മുകളിൽ ഐ.പി.യും | (സി) | പുല്ലുവിള സി.എച്ച്.സി.-യിൽ ക്ലർക്ക് - 1, ക്ലർക്ക്-ടൈപ്പിസ്റ്റ്-1, ജെ.പി.എച്ച്.എൻ.- 1, പി.റ്റി.എസ്.-1, |

| | | | |
|---|---|---|---|
| | ഉള്ള തീരദേശ സി.എച്ച്.സി.-യിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; വിശദമാക്കാമോ? | | രണ്ടാം ഗ്രേഡ് ആശുപത്രി അറ്റൻഡർ - 1, ഒഴിവുകൾ നിലവിലുണ്ട്. പി.റ്റി.എസ്., ക്ലർക്ക്, രണ്ടാം ഗ്രേഡ് ആശുപത്രി അറ്റൻഡർ എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br>ക്ലർക്ക്-ടൈപ്പിസ്റ്റ്, ജെ.പി.എച്ച്.എൻ. എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

തിരുവനന്തപുരം

| INSTITUTION | | CHC PULLUVILA | | |
|---|---|---|---|---|
| Sl.No | Name of Category | Sanctioned No.of Posts | In Position | |
| | | | Present | Vacancy |
| 1 | Civil Surgeon | 1 | 1 | 0 |
| 2 | Assistant Surgeon | 2 | 2 | 0 |
| 3 | Head Clerk | 1 | 1 | 0 |
| 4 | Senior Clerk | 1 | 1 | 0 |
| 5 | Clerk | 2 | 1 | 1 |
| 6 | Clerk Typist | 1 | 0 | 1 |
| 7 | Office attendant | 1 | 1 | 0 |
| 8 | Staff Nurse Gr-II | 1 | 1 | 0 |
| 9 | Nursing Assistant | 2 | 2 | 0 |
| 10 | HA Gr I | 1 | 1 | 0 |
| 11 | HA Gr II | 3 | 2 | 1 |
| 12 | Optometrist | 1 | 1 | 0 |
| 13 | Pharmacist Gr II | 1 | 1 | 0 |
| 14 | Driver | 1 | 1 | 0 |
| 15 | Junior Public Health Nurse | 9 | 8 | 1 |
| 16 | Health Supervisor | 1 | 1 | 0 |
| 17 | Health Inspector | 1 | 1 | 0 |
| 18 | Lady Health Inspector | 1 | 1 | 0 |
| 19 | Lab Technician | 1 | 1 | 0 |
| 20 | Junior Health Inspector | 5 | 5 | 0 |
| 21 | PTS | 1 | 0 | 1 |
| | **TOTAL** | **38** | **33** | **5** |

Hari

സെക്ഷൻ ഓഫീസർ